# പി.ആർ.ഡി എംപാനൽമെന്റ്-
# ഓൺലൈൻ മാധ്യമങ്ങൾക്ക് അപേക്ഷിക്കാം

**ഓൺലൈൻ മാധ്യമങ്ങൾക്ക് ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ എംപാനൽ ചെയ്യുന്നതിന് അപേക്ഷിക്കാം.**

**വർത്തമാന** പത്രങ്ങൾ നടത്തുന്ന **വെബ്പോർട്ടലുകൾ, ന്യൂസ്** ചാനലുകൾ **നടത്തുന്ന വെബ് പോർട്ടലുകൾ,** വ്യക്തികൾ/സ്വകാര്യ സ്ഥാപനങ്ങൾ **നടത്തുന്ന** വെബ് പോർട്ടലുകൾ, വ്യവസായ/അക്കാദമിക/സാങ്കേതിക വിഭാഗങ്ങൾ നടത്തുന്ന **വെബ് പോർട്ടലുകൾ എന്നീ** വിഭാഗത്തിലുള്ളവരാണ് **അപേക്ഷിക്കേണ്ടത്.**

**ഇന്ത്യയിൽ രജിസ്റ്റർ ചെയ്ത് കുറഞ്ഞത് ഒരു വർഷത്തെയെങ്കിലും** പ്രവർത്തന പരിചയമുള്ള വെബ്പോർട്ടലുകൾ മാത്രമേ അപേക്ഷിക്കേണ്ടതുള്ളൂ.

അവസാന തീയതി 25.02.2021

**അപേക്ഷാ ഫോമും അപേക്ഷയോടൊപ്പം നൽകേണ്ട മറ്റ് രേഖകളും പാനലിൽ** ഉൾപ്പെടുന്നതിനുള്ള പ്രാഥമിക നിബന്ധനകളും **www.prd.kerala.gov.in** എന്ന സൈറ്റിൽ ലഭിക്കും. അപേക്ഷയുടെയും മറ്റ് അനുബന്ധ രേഖകളുടെയും ഹാർഡ് **കോപ്പി ഡയറക്ടറുടെ പേരിൽ തപാലിലും സോഫ്റ്റ് കോപ്പി ioprdadmarketing@gmail.com** എന്ന മെയിലിലും നൽകേണ്ടതാണ്.

**ഫോൺ: 0471-2518092, 2518442, 2518673**

**ഡയറക്ടർ**
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

Annexure - II

## FORM OF APPLICATION

## Proposed Registration Form for inclusion in Media List & Documents Required

1. **Name of the Website:**
2. Domain Address (url):
3. Date of Domain Registration:
4. **Name of the person who has registered the Domain:**
5. Address:
6. Mobile No.: Email Id:
7. **Name of Company/Organization etc:**
8. Address:
9. Phone No.:
10. **Name of the Editor (Person responsible for the selection of news):**
11. Address:
12. Mobile No.: Email Id:
13. Language in which the website is published: Malayalam / English
14. Periodicity of publication (frequency of updating): Daily / Weekly / Fortnightly / Monthly
15. Content Category: General News / Entertainment / Business
(If others, please specify subject/area of interest):
16. Social Media Coordinates
    - Facebook page address:
    - Twitter handle:
    - YouTube channel:

**Once approved and included in Media List by I&PRD, a copy of this form should be published on the 'About Us' page. Failure to do so would automatically remove the website from the Media List.**

## Documents Required:

1. Website homepage screenshot/print out
2. WHOIS details print out
3. Certificate of Incorporation, Memorandum/Articles of the Company and in the case of Proprietorship - the registration certificate and in the case of Partnership - Partnership Deed and in the case of associations/organisations, registration document as applicable.
4. PAN of the Organisation / Proprietor
5. List of Promoters / Directors / Partners
6. Board resolution in case of Company
7. ID and Address proof of Partners / Directors / Proprietor
8. GSTIN Registration (If GST is not applicable, an affidavit stating that revenue /turnover is less than the prescribed limits )
9. TAN details
10. Bank Account Details with IFSC

# Annexure – IV
## പാനലിൽ ഉൾപ്പെടുന്നതിനുള്ള പ്രാഥമിക നിബന്ധനകൾ/ രജിസ്ട്രേഷനും റദ്ദാക്കലും

## കുറിപ്പ്

**വിഷയം: ഏതെങ്കിലും മാധ്യമങ്ങൾ നിയമവിരുദ്ധമായോ അധാർമ്മികമായോ പ്രവർത്തിക്കുന്നുവെന്നു കണ്ടാൽ പ്രസ്തുത മാധ്യമങ്ങളെ എംപാനൽ ചെയ്യുന്നതിൽ നിന്നും പാനലിൽ നിന്നും ഒഴിവാക്കുന്നതും സംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്നതു സംബന്ധിച്ച്.**

സൂചന: പത്ര-ദൃശ്യ-ശ്രവ്യ-ഓൺലൈൻ മാധ്യമങ്ങളുടെ എംപാനൽമെന്റ്, നിരക്കു വർദ്ധന എന്നിവയുമായി ബന്ധപ്പെട്ട് ശ്രീ എം. വെങ്കിട്ടരാമൻ അധ്യക്ഷനായി രൂപീകരിച്ച കമ്മിറ്റിയുടെ 4-9-19ലെ യോഗത്തിന്റെ ഓൺലൈൻ വിഭാഗത്തിലെ തീരുമാനം നമ്പർ (2).

## മാനദണ്ഡങ്ങൾ

(മറ്റു നിബന്ധനകൾക്കൊപ്പം സ്റ്റാൻഡിങ് കമ്മിറ്റിയുടെ അധികാരങ്ങളിൽ ഉൾപ്പെടുത്താൻ പരിഗണിക്കുന്നതിന്)

1. **എംപാനൽമെന്റിന്/രജിസ്ട്രേഷനുള്ള പ്രാഥമികമായ നിബന്ധനകൾ:**

(എ) ഇന്ത്യയുടെ ഭരണഘടനയ്ക്കോ രാജ്യത്തെ നിയമങ്ങൾക്കോ ബന്ധപ്പെട്ട ചട്ടങ്ങൾക്കോ ഉത്തരവുകൾക്കോ മാർഗനിർദ്ദേശങ്ങൾക്കോ വിരുദ്ധമായി ഏതെങ്കിലും മാധ്യമമോ സ്ഥാപനമോ സംഘടനയോ അതിന്റെ ഉടമസ്ഥരോ നടത്തിപ്പുകാരോ (പി.ആർ.ബി. ആക്റ്റ് പ്രകാരമുള്ള പ്രിന്റർ, പ്രസാധകൻ, എഡിറ്റർ എന്നിവരും ഐ.ടി. ആക്റ്റ് പ്രകാര മുള്ള ചുമതലക്കാരും ഉൾപ്പെടെ) പ്രവർത്തിക്കുകയോ പ്രചാരണം നടത്തുകയോ ചെയ്യാൻ പാടില്ല.

(ബി) ഏതെങ്കിലും മാധ്യമമോ സ്ഥാപനമോ സംഘടനയോ അതിന്റെ ഉടമസ്ഥനോ നടത്തിപ്പു കാരനോ (പി.ആർ.ബി. ആക്റ്റ് പ്രകാരമുള്ള പ്രിന്റർ, പ്രസാധകൻ, എഡിറ്റർ എന്നിവരും ഐ.ടി. ആക്റ്റ് പ്രകാരമുള്ള ചുമതലക്കാരും ഉൾപ്പെടെ) സമൂഹത്തിലെ പൊതുവായ സദാചാരത്തിനോ ധാർമ്മികതയ്ക്കോ നിരക്കാത്ത കാര്യങ്ങൾ ചെയ്യാനോ പ്രചരിപ്പി ക്കാനോ പാടില്ല.

2. **സ്ഥിരമായ ഒഴിവാക്കൽ:**

(എ) വകുപ്പിന്റെ പാനലിൽ (അല്ലെങ്കിൽ രജിസ്ട്രേഷൻ) ഇല്ലാത്ത ഒരു മാധ്യമമോ സ്ഥാപ നമോ സംഘടനയോ അതിന്റെ മേൽപ്പറഞ്ഞ പ്രകാരമുള്ള ഉടമസ്ഥരോ നടത്തിപ്പുകാരോ, ഈ മാനദണ്ഡങ്ങളിലെ ക്രമനംപർ 1 പ്രകാരമുള്ളതോ സമാനമായി പരിഗണിക്കാവുന്ന തെന്ന് സ്റ്റാൻഡിങ് കമ്മിറ്റി നിശ്ചയിക്കുന്നതോ ആയ കുറ്റം ചെയ്തതായി ഏതെങ്കിലും കോടതി വിധിച്ചാൽ ആ മാധ്യമത്തെ/സ്ഥാപനത്തെ/ സംഘടനയെ/വ്യക്തികളെ ഐ. & പി.ആർ. വകുപ്പിന്റെ എംപാനൽമെന്റിന്/രജിസ്ട്രേഷന് പരിഗണിക്കുന്നതിൽ നിന്ന് സ്ഥിര മായി ഒഴിവാക്കും. കുറ്റം ചെയ്തത് പാനലിലുള്ള/രജിസ്ട്രേഷനുള്ള മാധ്യമമോ സ്ഥാപ നമോ സംഘടനയോ അതിന്റെ ഉടമസ്ഥരോ നടത്തിപ്പുകാരോ ആണെങ്കിൽ പാനലിൽ നിന്ന് അവയെ/അവരെ സ്ഥിരമായി ഒഴിവാക്കും; അല്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദാക്കും.

(ബി) ഐ & പി.ആർ. വകുപ്പ് അല്ലെങ്കിൽ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി സംസ്ഥാനസർക്കാരിന്റെ നിയന്ത്രണത്തിലുള്ള അധികാരികൾ/സർക്കാർ നൽകുന്ന ഫണ്ട് സ്വീകരിക്കുന്ന അധികാരികൾ നൽകുന്ന പരസ്യം മൂന്നു തവണ പ്രസിദ്ധീകരിക്കാതിരുന്നാൽ പാനലിൽ നിന്ന് പ്രസ്തുത മാധ്യമത്തെ/സ്ഥാപനത്തെ/സംഘടനയെ/വ്യക്തികളെ സ്ഥിരമായി ഒഴിവാക്കും/ രജിസ്ട്രേഷൻ റദ്ദാക്കും. ബന്ധപ്പെട്ട അധികാരി നൽകുന്ന പരാതിയെ/ റിപ്പോർട്ടിനെ ആധാരമാക്കി ഐ & പി.ആർ. വകുപ്പു നടത്തുന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും നടപടി.

### 3. താത്കാലികമായ ഒഴിവാക്കൽ:

വകുപ്പിന്റെ പാനലിൽ (അല്ലെങ്കിൽ രജിസ്ട്രേഷൻ) ഇല്ലാത്ത ഒരു മാധ്യമമോ സ്ഥാപനമോ സംഘടനയോ അതിന്റെ മേൽപ്പറഞ്ഞ പ്രകാരമുള്ള ഉടമസ്ഥരോ നടത്തിപ്പുകാരോ, ഈ മാനദണ്ഡങ്ങളിലെ ക്രമനംപർ 1 പ്രകാരമുള്ളതോ സമാനമായി പരിഗണിക്കാവുന്നതെന്ന് സ്റ്റാൻഡിങ് കമ്മിറ്റി നിശ്ചയിക്കുന്നതോ ആയ കുറ്റം ചെയ്തതായി (കോടതി വിധി വരും മുമ്പ്) ഐ & പി.ആർ. വകുപ്പിന്റെ അന്വേഷണത്തിൽ വ്യക്തമായാൽ ആ മാധ്യമത്തെ/സ്ഥാപനത്തെ/സംഘടനയെ/വ്യക്തികളെ ഐ & പി.ആർ. വകുപ്പിന്റെ എംപാനൽമെന്റിന്/രജിസ്ട്രേഷന് പരിഗണിക്കുന്നതിൽ നിന്ന് താത്കാലികമായി ഒഴിവാക്കും. കുറ്റം ചെയ്തത് പാനലിലുള്ള/രജിസ്ട്രേഷനുള്ള മാധ്യമമോ സ്ഥാപനമോ സംഘടനയോ അതിന്റെ ഉടമസ്ഥരോ നടത്തിപ്പുകാരോ ആണെങ്കിൽ പാനലിൽ നിന്ന് അവയെ/അവരെ താത്കാലികമായി ഒഴിവാക്കും; അല്ലെങ്കിൽ രജിസ്ടേഷൻ താത്കാലികമായി റദ്ദാക്കും/സസ്പെൻഡ് ചെയ്യും.

### 4. അധികാരപ്പെട്ട ഉദ്യോഗസ്ഥർ

(എ) സ്റ്റാൻഡിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം തുടർനടപടി സ്വീകരിക്കേണ്ടത് ഐ. & പി. ആർ. വകുപ്പ് ഡയറക്ടറാണ്.

(ബി) ക്രമനംപർ 2 (ബി), 3 എന്നിവയിൽ പരാമർശിച്ച ഐ. & പി. ആർ. വകുപ്പുതല അന്വേഷണത്തിന് ഡെപ്യൂട്ടി ഡയറക്ടർ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ ഡയറക്ടർക്കു ചുമതലപ്പെടുത്താം. രണ്ട് ആഴ്ചയ്ക്കകം ഈ ഉദ്യോഗസ്ഥൻ അന്വേഷണറിപ്പോർട്ട് നൽകേണ്ടതാണ്. ഈ റിപ്പോർട്ടിന്, ഡിവൈ.എസ്.പി. റാങ്കിൽ കുറയാത്ത പൊലീസ് ഉദ്യോഗസ്ഥനോ അന്വേഷണത്തിനു സർക്കാർ ചുമതലപ്പെടുത്തിയ മറ്റേതെങ്കിലും വകുപ്പിന്റെ ജില്ലാ മേധാവിയോ നൽകുന്ന റിപ്പോർട്ടും ആധാരമാക്കാവുന്നതാണ്.

### 5. നടപടിയുടെ പുനഃപരിശോധന

അപ്പലേറ്റ് കമ്മിറ്റി രൂപീകരിക്കുന്ന സാഹചര്യത്തിൽ, സ്റ്റാൻഡിങ് കമ്മിറ്റിയുടെ തീരുമാനത്തിനെതിരെ മാധ്യമങ്ങൾക്ക്/സ്ഥാപനങ്ങൾക്ക്/സംഘടനകൾക്ക്/ വ്യക്തികൾക്ക് അപ്പലേറ്റ് അതോറിറ്റിയിൽ പരാതി നൽകാം.

സ്റ്റാൻഡിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ബന്ധപ്പെട്ട അധികാരി സ്വീകരിച്ച നടപടി പുനഃപരിശോധിക്കുകയോ നടപടി നേരിട്ട മാധ്യമത്തെ/സ്ഥാപനത്തെ/ സംഘടനയെ/വ്യക്തികളെ വീണ്ടും പാനലിൽ ഉൾപ്പെടുത്തുന്നതിനോ രജിസ്ട്രേഷനോ പരിഗണിക്കുന്നത് താഴെ പറയുന്ന സാഹചര്യങ്ങളിൽ മാത്രമായിരിക്കും:

(എ) ഐ. & പി. ആർ. വകുപ്പിന്റെ അന്വേഷണത്തിൽ വ്യക്തമായ കാര്യത്തിനു വിരുദ്ധമാണ്

നിജസ്ഥിതി എന്ന് ബന്ധപ്പെട്ട മാധ്യമം/സ്ഥാപനം/സംഘടന/ വ്യക്തികൾ സ്റ്റാൻഡിങ് കമ്മിറ്റി/അപ്പലേറ്റ് കമ്മിറ്റി മുമ്പാകെ തെളിയിക്കുന്നതു വരെ.

(ബി) കോടതി വിധിക്കുന്ന ശിക്ഷാകാലാവധി കഴിയുന്നതു വരെ, അല്ലെങ്കിൽ കോടതി തീരുമാനിക്കുന്നതു പ്രകാരം.

ഒപ്പ്/-
**ഡയറക്ടർ**
ഐ. & പി. ആർ. ഡി.